3. ഫെയ്ത്ത് ഇൻവെസ്റ്റിഗേഷൻ, എറണാകുളം
4. സതേൺ ഡിറ്റക്ടീവ്, എറണാകുളം
5. ട്രൂ വിഷൻ ഡിറ്റക്ടീവ്, എറണാകുളം
6. ഐ വാച്ച് ഡിറ്റക്ടീവ്, എറണാകുളം
7. ഗ്ലോബ് ഡിറ്റക്ടീവ്, എറണാകുളം
8. ഷാഡോ കൺസൾട്ടിംഗ്, എറണാകുളം
9. ഗ്ലോബൽ രവിപുരം, എറണാകുളം
10. Crime & Cure-Tailli, കോഴിക്കോട്.

(ബി&സി) സംസ്ഥാനത്ത് സ്വകാര്യ ഡിറ്റക്ടീവ് ഏജൻസികൾ ആരംഭിക്കുന്നതിന് ആഭ്യന്തരവകുപ്പിൽ നിന്നും NOC നൽകുന്നില്ല. ഇത്തരം ഏജൻസികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനായി കേന്ദ്രസർക്കാർ നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയുന്നു.

രാഷ്ട്രീയ സംഘട്ടനങ്ങൾ

213 (3724) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി. ജെ. പി.,ആർ. എസ്. എസ്. പ്രവർത്തകർ സി. പി. ഐ. (എം), ഡി.വൈ.എഫ്.ഐ., എസ്. എഫ്. ഐ. പ്രവർത്തകരെ ആക്രമിച്ചതുമായി ബന്ധപ്പെട്ട് എത്ര ക്രിമിനൽ കേസ്സുകൾ ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ സംഘട്ടനങ്ങൾ നടന്ന കേസ്സുകൾ എത്രയെണ്ണം; കൊലപാതക കേസ്സുകൾ എത്രയെണ്ണം; വിശദാംശം നല്കുമോ;

(സി) പ്രസ്തുത കൊലപാതക കേസ്സുകളിൽ എത്ര സി. പി. ഐ. (എം), ഡി.വൈ.എഫ്.ഐ., എസ്. എഫ്. ഐ. പ്രവർത്തകർ കൊല ചെയ്യപ്പെട്ടിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ബി.ജെ.പി., ആർ.എസ്.എസ്. പ്രവർത്തകർ സി.പി.ഐ(എം), ഡി.വൈ.എഫ്.ഐ., എസ്.എഫ്.ഐ. പ്രവർത്തകരെ ആക്രമിച്ചതുമായി ബന്ധപ്പെട്ട് 1080 ക്രിമിനൽ കേസ്സുകൾ ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ സംഘട്ടനങ്ങൾ നടന്നിട്ടുള്ള കേസ്സുകൾ 918 എണ്ണവും കൊലപാതക കേസ്സുകൾ 10 എണ്ണവുമാണ്.

(സി) പ്രസ്തുത കൊലപാതക കേസ്സുകളിൽ 10 സി.പി.ഐ.(എം), ഡി.വൈ.എഫ്.ഐ., എസ്.എഫ്.ഐ. പ്രവർത്തകർ കൊലചെയ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

തൃശ്ശൂർ-പാലക്കാട് വനിതാ പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

214 (3725) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ൽ നിലവിൽ വന്ന തൃശ്ശൂർ- പാലക്കാട് വനിതാ പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനത്തിനായി എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്;

(ബി) മെയിൻ ലിസ്റ്റിൽ എത്ര പേരാണ് ഉൾപ്പെട്ടിട്ടുള്ളത്;

(സി) തൃശ്ശൂർ-പാലക്കാട് ജില്ലകളിലായി എത്ര വനിതാ പോലീസ് കോൺസ്റ്റബിൾ തസ്തികകളാണ് ഒഴിവുള്ളത്;

(ഡി) ഒഴിവുള്ള തസ്തികകൾ റിപ്പോർട്ട് ചെയ്യുവാനും ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2015-ൽ തൃശ്ശൂർ, പാലക്കാട് ജില്ലകളിലേയ്ക്ക് (കെ.എ.പി. II Bn) ഉള്ള നിയമനത്തിനായി വനിതാ പോലീസ് കോൺസ്റ്റബിളിന്റെ 69 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 110 പേർ.

(സി) തൃശ്ശൂർ പാലക്കാട് ജില്ലകളിൽ വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ 69 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇപ്പോൾ ഒഴിവുകളൊന്നും തന്നെ നിലവിലില്ല.

(ഡി) ഒഴിവുകളെല്ലാം തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന നടപടികൾ ആരംഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly